**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2143** **14-10-2024 - ൽ മറുപടിയ്ക്ക്**

**മസ്കുലാർ ഡിസ്ട്രോഫി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ മസ്കുലാർ ഡിസ്ട്രോഫി രോഗികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. 2024 വർഷത്തിൽ **ഡി.എം.ഡി (ഡ്യൂഷൻ മസ്കുലാർ ഡിസ്ട്രോഫി) ബാധിച്ച്** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 7 പേരും, തൃശ്ശൂർ മെഡിക്കൽ കോളേജിൽ 5 പേരും, കണ്ണൂർ മെഡിക്കൽ കോളേജിൽ 10 പേരും, കോഴിക്കോട് മെഡിക്കൽ കോളേജിൽ 25 പേരുമായി ആകെ 47 പേർ **ചികിത്സ തേടി എത്തിയിട്ടുണ്ട്.** |
| (ബി) | എങ്കിൽ പ്രസ്തുത രോഗികളുടെ ജില്ല തിരിച്ചുള്ള എണ്ണം അറിയിക്കാമോ; | (ബി) | ഉണ്ട്. 2024 വർഷത്തിൽ **ഡി.എം.ഡി (ഡ്യൂഷൻ മസ്കുലാർ ഡിസ്ട്രോഫി) ബാധിച്ച്** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 7 പേരും, തൃശ്ശൂർ മെഡിക്കൽ കോളേജിൽ 5 പേരും, കണ്ണൂർ മെഡിക്കൽ കോളേജിൽ 10 പേരും, കോഴിക്കോട് മെഡിക്കൽ കോളേജിൽ 25 പേരുമായി ആകെ 47 പേർ **ചികിത്സ തേടി എത്തിയിട്ടുണ്ട്.** |
| (സി) | ഇത്തരം രോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി എല്ലാ പെൺകുട്ടികൾക്കും വിവാഹത്തിന് മുമ്പ് കാരിയർ ടെസ്റ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ വിവാഹപൂർവ്വ കരിയർ ടെസ്റ്റിംഗ് നടപ്പിലാക്കാൻ സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടില്ല. ചിലതരം മസ്കുലാർ ഡിസ്ട്രോഫി രോഗങ്ങൾ പാരമ്പര്യമായി മാത്രമല്ല ഒരു വ്യക്തിയിൽ പുതിയതായി ഉണ്ടാകുന്ന ജനിതക വ്യതിയാനങ്ങൾ (mutation) കൊണ്ടും ഉണ്ടായേക്കാം. അതിനാൽ തന്നെ വിവാഹപൂർവ്വ കരിയർ ടെസ്റ്റിംഗ് നൽകിയതുകൊണ്ട് മാത്രം രോഗം പൂർണ്ണമായി തടയാൻ സാധിച്ചെന്നുവരില്ല. കുടുംബാംഗങ്ങൾക്ക് ജനിതക ടെസ്റ്റുകൾ വഴി രോഗം സ്ഥിരീകരിച്ചിട്ടുണ്ടെങ്കിൽ കരിയർ ടെസ്റ്റിംഗ് വ്യക്തികൾക്ക് ചെയ്തു നൽകാറുണ്ട്. എന്നിരുന്നാൽ പോലും ഗർഭസ്ഥ ശിശുവിന് പുതിയതായി ജനിതക വ്യതിയാനം മൂലം ഉണ്ടാകുന്ന രോഗം തടയാൻ സാധിക്കില്ല. |

സെക്ഷൻ ഓഫീസർ